ഉത്തരം

(എ) എഞ്ചിനീയറിംഗ്/മെഡിക്കൽ/അഗ്രികൾചറൽ കോഴ്സുകൾക്ക് പൊതു പ്രവേശന പരീക്ഷ നടത്തുന്നത് കമ്മീഷണർ ഓഫ് എൻട്രൻസ് എക്സാമിനേഷൻസ് ആണ് അതതു കോഴ്സുകളുടെ പ്രോസ്പെക്ടസിൽ പറഞ്ഞിട്ടുള്ള സ്കീമും സിലബസും പ്രകാരം ഒബ്ജക്ടീവ് മാതൃകയിലുള്ള പ്രവേശന പരീക്ഷ സംസ്ഥാനത്തെ വിവിധ ജില്ലാകേന്ദ്രങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ വച്ചു നടത്തുകയും പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുള്ള ഒ.എം.ആർ. സമ്പ്രദായത്തിൽ മൂല്യനിർണ്ണയം നടത്തി റാങ്കു ലിസ്റ്റു പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

(ബി) ചില സംഘടനകളിൽ നിന്നും പൊതുപ്രവർത്തകരിൽ നിന്നും ആവശ്യം ഉയർന്നു വന്നിട്ടുണ്ട്.

(സി) ഉണ്ട്. വിശദാംശങ്ങൾ തയ്യാറാക്കി വരുന്നതേയുള്ളൂ.

74 (2452) സ്വാശ്രയ കോളേജുകളിലെ പ്രവേശനം

ശ്രീ. വി.ജെ. പൗലോസ് :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ കോളേജുകളിൽ പ്രവേശനം നൽകുന്നത് സംബന്ധിച്ച് പ്രോസ്പെക്ടസിൽ ചേർത്തിരിക്കുന്ന വ്യവസ്ഥകളിൽ പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണം നൽകുന്നത് സംബന്ധിച്ച് വ്യവസ്ഥ ചേർത്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണമെന്ത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) ഉദിക്കുന്നില്ല.

75 (2453) ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റുകാരുടെ തൊഴിൽ സാദ്ധ്യത

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിൽ ബിരുദ കോഴ്സ് മാത്രം ആകുന്നതോടെ ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റുകാരുടെ തൊഴിൽ സാദ്ധ്യത കുറയുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അത്തരം ഒരു സ്ഥിതിവിശേഷം സർക്കാർ പ്രത്യേകം പരിശോധിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly